| Date | Publication | Edition | Headline | Page |
|---|---|---|---|---|
| 09-01-18 | Veekshanam | kochi | Election Atlas of India – launched | 06 |

# ഇലക്ഷൻ അറ്റ്ലസ് ഓഫ് ഇന്ത്യ പുറത്തിറക്കി

ന്യൂഡൽഹി: സ്വാതന്ത്ര്യ ലബ്ധി മുതലുള്ള രാജ്യത്തെ പാർലമെന്റ് തെരഞ്ഞെടുപ്പുകളെക്കുറിച്ചു വിവരിക്കുന്ന ഇലക്ഷൻ അറ്റ്ലസ് ഓഫ് ഇന്ത്യ ന്യൂഡൽഹിയിൽ നടക്കുന്ന വേൾഡ് ബുക്ക് ഫെയറിൽ പുറത്തിറക്കി.

സാമൂഹ്യ, സാമ്പത്തിക, തെരഞ്ഞെടുപ്പു സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി. അധിഷ്ഠിത സ്ഥാപനമായ ഡാറ്റാനെറ്റ് ഇന്ത്യയാണ് ഈ പുസ്തകം പുറത്തിറക്കിയത്.

1952ൽ നടന്ന ആദ്യ ലോക് സഭാ തെരഞ്ഞെടുപ്പു മുതൽ




2014ൽ നടന്ന 16-ാം ലോക് സഭാ തെരഞ്ഞെടുപ്പു വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ അവതരിപ്പിക്കുന്ന ഇതിൽ 2017 ഒക്ടോബറിൽ നടന്ന ഉപ തെരഞ്ഞെടുപ്പുകളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രമേയാധിഷ്ഠിത മാപ്പുകൾ, ചാർട്ടുകൾ, ആയിരക്കണക്കിനു സ്ഥിതി വിവരക്കണക്കുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഈ പുസ്തകം ഡാറ്റാനെറ്റ് ഇന്ത്യ ഡയറക്ടർ ഡോ. ആർ. കെ. തുക്രൽ ആണ് എഡിറ്റു ചെയ്തത്.

മുൻ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഡോ. നസീം സൈദി ഇതിന് ആമുഖവും എഴുതിയിട്ടുണ്ട്.

ഇന്ത്യയിലെ തെരഞ്ഞെടുപ്പു സംവിധാനം ഇപ്പോഴത്തെ സ്ഥിതിയിലേക്കു രൂപം കൊണ്ടതിനെക്കുറിച്ച് ആഴത്തിലുള്ള ധാരണ രൂപപ്പെടുത്താൻ വായനക്കാരെ സഹായിക്കുന്നതാണ് ഇതിലെ ആഖ്യാനമെന്ന് ഡോ. നസീം സൈദി തന്റെ ആമുഖത്തിൽ ചൂണ്ടിക്കാട്ടുന്നു.